**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 433** | **02-11-2021 - ൽ മറുപടിയ്ക്ക്**

**ജലമാർഗ്ഗം വഴിയുള്ള ചരക്ക് നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ജലപാതയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ജലമാർഗ്ഗം വഴിയുള്ള ചരക്ക് നീക്കത്തിന് ബാർജ്ജ് സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ദേശീയ ജലപാത 3-ന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കൊച്ചി അമ്പലമുകൾ ഉള്ള ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും കൊല്ലം ചവറ KMML-ലേക്ക് ഫർണസ് ഓയിൽ എത്തിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ജലഗതാഗത വകുപ്പ് പ്രാഥമിക പഠനം നടത്തിയിട്ടുള്ളതാണ്. ടി വിഷയത്തിൽ വിശദമായ പഠനങ്ങൾ നടന്നുവരുന്നു. സോളാർ ഇലക്ട്രിക്ക് റോ – റോ ഉപയോഗിച്ച് വില്ലിംഗ്ടൺ ഐലന്റിൽ നിന്നും ബോൾഗാട്ടിയിലേക്കും വൈക്കത്തു നിന്നും തവണക്കടവിലേക്കും സർവ്വീസുകൾ നടത്തുന്നത് സംബന്ധിച്ച് വകുപ്പ് സാങ്കേതിക, സാമ്പത്തിക പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇതു പ്രകാരം ഒരു സോളാർ ഇലക്ട്രിക്ക് റോ-റോ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ജലപാതകൾ പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിനായി ജലപാത നവീകരണ വികസന പ്രവർത്തനങ്ങൾ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. പൊതുമേഖലാ സ്ഥാപനമായ കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനു കീഴിൽ 7 ബാർജ്ജുകൾ ചരക്ക് നീക്കത്തിന് ഉപയോഗിക്കുന്നുണ്ട്. കൂടാതെ പുതിയ 2 ബാർജ്ജുകൾ നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലുമാണ്. ഉൾനാടൻ ജലഗതാഗത മാർഗ്ഗത്തിലൂടെയുള്ള ചരക്ക് നീക്കം പ്രോത്സാഹിപ്പിക്കുന്നതിനായി ഓപ്പറേഷണൽ ഇൻസെന്റീവ് / സബ്സിഡി നൽകിയിട്ടുണ്ട്. കോവളം മുതൽ ബേക്കൽ വരെ 616 കി. മീ. നീളത്തിലാണ് സംസ്ഥാനത്ത് പശ്ചിമതീര ജലപാത വിഭാവനം ചെയ്തിരിക്കുന്നത്. കോവളം മുതൽ കൊല്ലം വരെ ഭാഗികവും, കൊല്ലം മുതൽ കോട്ടപ്പുറം വരെ പൂർണ്ണ തോതിലും, കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ |

| | | | |
|---|---|---|---|
| | | | ഭാഗികവും, കോഴിക്കോട് കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള കനോലി കനാലൊഴികെ വടകര വരെ ഭാഗികമായും ഗതാഗത യോഗ്യമാണ്. വടകര മുതൽ മാഹി വരെ പൂർണ്ണതോതിൽ ഗതാഗത യോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. വളപട്ടണം മുതൽ നീലേശ്വരം വരെ പൂർണ്ണതോതിൽ ഗതാഗതയോഗ്യമാണ്. നീലേശ്വരം മുതൽ ബേക്കൽ വരെയുള്ള 26 കി. മീ. ഭാഗത്ത് 20 കി. മീ. പൂർണ്ണ തോതിൽ ഗതാഗത യോഗ്യമാണ്. 6 കി.മീ. നീളത്തിൽ പുതുതായി കനാൽ ദീർഘിപ്പിക്കേണ്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജലപാത വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ പൂർണ്ണതോതിൽ ജലമാർഗ്ഗേനയുള്ള ചരക്ക് നീക്കം സാധ്യമാകുകയുള്ളൂ. പല സ്ഥലങ്ങളിലും ബാർജ്ജുകൾ സഞ്ചരിക്കാനുള്ള ആഴം ഇല്ലാത്തതാണ് ചരക്ക് ഗതാഗതത്തിന് മുഖ്യതടസ്സം. |
| (ബി) | പരിസ്ഥിതി മലിനീകരണവും പ്രവർത്തനച്ചെലവും പരമാവധി കുറയ്ക്കുന്ന തരത്തിലുള്ള സൗരോർജ ബോട്ടുകൾ പുതുതായി ആരംഭിക്കുന്നതിനും സ്റ്റേഷനാഫീസുകൾ പൂർണ്ണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന തരത്തിൽ നവീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കേരളത്തിലെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ സംസ്ഥാന ജലഗതാഗതവകുപ്പ് സർവ്വീസുകൾ നടത്തി വരുന്നു. പാസഞ്ചർ സർവ്വീസുകൾക്ക് പുറമേ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകളും വകുപ്പ് നടത്തുന്നുണ്ട്. ജലഗതാഗത രംഗത്ത് നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാബോട്ട് ഇന്ത്യയിൽ തന്നെ ആദ്യമായി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം – തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. 2020-ൽ ആദിത്യയ്ക്ക് ലോകത്തെ മികച്ച ഫെറികൾക്കുള്ള ഗസ്റ്റേവ് ട്രോവ് പുരസ്കാരവും ലഭിക്കുകയുണ്ടായി. പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, പ്രവർത്തന ചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യത്തോടുകൂടി ആരംഭിച്ച ടി സോളാർ ബോട്ടിന്റെ പ്രവർത്തനം വൻവിജയമായതിനെ തുടർന്ന് കൂടുതൽ സോളാർ ബോട്ടുകൾ വകുപ്പിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 5 സോളാർ ബോട്ടുകളുടേയും ഒരു സോളാർ ക്രൂയിസ് വെസലിന്റെയും നിർമ്മാണം നടന്നുവരുന്നു കൂടാതെ 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഉൾനാടൻ ജലമാർഗ്ഗം വഴിയുള്ള ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നവിധം കൂടുതൽ വേഗതയേറിയ ബോട്ട് സർവ്വീസുകൾ | (സി) | വേഗതയേറിയതും, സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെയും, ഉൾനാടൻ ജലഗതാഗതം |

| | |
|---|---|
| ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | പ്രോത്സാഹിക്കുന്നതിന്റെയും ഭാഗമായി വൈക്കത്തു നിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിലും, റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും, സ്വച്ഛമായും സ്വദേശികളും, വിദേശികളുമായ ടൂറിസ്റ്റുകൾക്കും, യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി ടി റൂട്ടിൽ ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് 2018-ൽ സർവ്വീസ് ആരംഭിച്ചു. അരൂർ-തേവര ജലമാർഗ്ഗത്തിലൂടെയാണ് വേഗ-120 കൊച്ചിയിൽ എത്തുന്നത്. ടി സർവ്വീസ് ആരംഭിച്ചതിന് ശേഷം വൈക്കം നിവാസികൾക്ക് ഒരു മണിക്കൂർ 45 മിനിറ്റ് കൊണ്ട് കൊച്ചിയിൽ എത്തിച്ചേരുവാൻ സാധിക്കുന്നുണ്ട്. വിനോദസഞ്ചാരവും, അതോടൊപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രാക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡെക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് സീ-കുട്ടനാട് എന്ന പേരിൽ സർവ്വീസ് ആരംഭിച്ചു. പ്രസ്തുത സർവ്വീസ് നല്ല രീതിയിൽ നടന്നു വരുന്നു. പയ്യന്നൂർ മേഖല കേന്ദ്രീകരിച്ച് മാട്ടൂൽ-അഴീക്കൽ ഫെറി സർവ്വീസ് 2019-ൽ ആരംഭിക്കുകയും അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നിലവിലുണ്ടായിരുന്ന സർവ്വീസ് ടൂറിസ്റ്റ് ഫ്രണ്ടിലി സർവ്വീസാക്കി നടത്തി വരുകയും ചെയ്യുന്നു. ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചു കൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്ന ഉദ്ദേശത്തോടെയും, കോട്ടയത്തു നിന്നും ആലപ്പുഴയ്ക്ക് വരുന്ന യാത്രക്കാർക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിൽ എത്തുന്നതിനും, ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള വേഗത കൂടിയ ഒരു കാറ്റമറൈൻ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് നിർമ്മാണം പൂർത്തിയാക്കി 08/03/2020-ൽ ഉദ്ഘാടനം നടത്തി. ഇന്ത്യയിലെ തന്നെ ആദ്യ സംരഭമെന്ന നിലയിൽ 4 വാട്ടർ ടാക്സികളുടെ നിർമ്മാണം ആരംഭിക്കുകയും, ഇവയിലെ ആദ്യത്തെ ബോട്ടിന്റെ ഉദ്ഘാടനം 15/10/2020-ലും, രണ്ടാമത്തെ ബോട്ടിന്റെ ഉദ്ഘാടനം 04/01/2021-ലും നടത്തുകയും ചെയ്തു. ടി ബോട്ടുകൾ യഥാക്രമം ആലപ്പുഴയിലും, പറശ്ശിനിക്കടവിലും സർവ്വീസ് നടത്തി വരുന്നു. മൂന്നും, നാലും ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപിക്കുന്നതിനായി ജലഗതാഗത സാധ്യതകളും, |

| | | | |
|---|---|---|---|
| | | | ടൂറിസം സാധ്യതകളും സംബന്ധിച്ച് അടിയന്തര പ്രാധാന്യത്തോടെ പഠനങ്ങൾ നടത്തി വരുന്നു. വേഗതയേറിയതും, സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെയും, ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിക്കുന്നതിന്റെയും ഭാഗമായി 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അവ നിർമ്മാണ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ